പുഴുത്തിവയ്പിനും വിലവർദ്ധനവിനും എതിരായി നടപടി

1142 [1821] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം നിത്യോപയോഗസാധനങ്ങളിൽ പലതും മാർക്കറ്റിൽനിന്നും അപ്രത്യക്ഷമായ വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങളാണ് മാർക്കറ്റിൽനിന്നും അപ്രത്യക്ഷമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുഴുത്തിവയ്പിനും വിലവർദ്ധനവിനും എതിരെ എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) അവശ്യസാധന നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസിംഗ് ഉത്തരവുകളും വിലയും സ്റ്റോക്കും പ്രദർശിപ്പിക്കൽ ഉത്തരവുകളും ലംഘിക്കുന്നവരുടെമേൽ കർശനമായ നടപടികളെടുക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

നിത്യോപയോഗസാധനങ്ങളുടെ വിലയിൽ വർദ്ധനവ്

1143 [1822] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബഡ്ജറ്റ് പാർലമെന്റിൽ അവതരിപ്പിച്ചതിനുശേഷം നിത്യോപയോഗസാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങളിൻമേലാണ് വില വർദ്ധിച്ചിട്ടുള്ളതെന്നും എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) വിലവർദ്ധനവ് തടയുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവിനെ സംബന്ധിച്ച പത്രറിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സോപ്പിനും പഞ്ചസാരയ്ക്കും വിലവർദ്ധനവുണ്ടായിട്ടുണ്ട്. 1979 ഫെബ്രുവരി 28-നും മാർച്ച് 15-നുമിടയിൽ സോപ്പിന് 1.5 ശതമാനം മുതൽ 5 ശതമാനം വരെയും പഞ്ചസാരയ്ക്ക് 5 ശതമാനത്തോളവും ചില്ലറ വിലയിൽ വർദ്ധനയുണ്ടായതായി കണ്ടു.

LIBRARY ARCHIVES Kerala Legislative Assembly